# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2450** **06.12.2018-ൽ മറുപടിയ്ക്ക്**

**<u>ലോട്ടറി ടിക്കറ്റ് വില്പന വഴിയുള്ള വരുമാനം</u>**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി ടിക്കറ്റ് വില്പന വഴി പ്രതിവർഷം എത്ര രൂപ സർക്കാരിന് വരുമാനം ലഭിക്കുന്നുണ്ട്; | (എ) | ലോട്ടറി ടിക്കറ്റ് വിൽപ്പന വഴി കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>2013-14 — 3793.72 കോടി രൂപ<br>2014-15 — 5445.43 കോടി രൂപ<br>2015-16 — 6317.73 കോടി രൂപ<br>2016-17 — 7394.91 കോടി രൂപ<br>2017-18 — 9034.25 കോടി രൂപ |
| (ബി) | വ്യാജലോട്ടറി തടയുന്നതിന് കേരള ഭാഗ്യക്കുറിക്ക് കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ? | (ബി) | വ്യാജലോട്ടറി തടയുന്നതിലേയ്ക്ക് നിലവിൽ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ Micro line, Relief pattern, Opaque Test, Void Pantograph, Guilloche Pattern എന്നിങ്ങനെ അഞ്ചോളം സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടിക്കറ്റുകളിൽ പ്രിന്റ് ചെയ്തിരിക്കുന്ന ബാർകോഡ്, സീക്രട്ട് കോഡ് എന്നിവയ്ക്ക് പുറമെയാണ് പ്രസ്തുത സുരക്ഷാ ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ Supply Chain-ൽ Track & Trace സംവിധാനം കൊണ്ടു വരുന്നതിന്റെ ഭാഗമായി, ടിക്കറ്റുകളിന്മേൽ QR Code സംവിധാനം സമീപഭാവിയിൽ തന്നെ കൊണ്ടുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ